CPA COLLEGE OF GLOBAL STUDIES, CHELOOR, PUTHANATHANI, MALAPPURAM

**കാലിക്കറ്റ് സർവകലാശാല**

**ഒന്നാം സെമസ്റ്റർ**

**കോമൺ കോഴ്സ് 7**

**ബി. എസ്. സി. അദർപാറ്റേൺ**

MAL1A07(3)

**മലയാള ഭാഷയും സാഹിത്യവും – 1**

**പഠന സമയം 80 മണിക്കൂർ**

**ക്രെഡിറ്റ് – 4**

**പഠനക്കുറിപ്പുകൾ**


**തയ്യാറാക്കിയത്**

**വീണ കെ. വിജയരാജ്**

**അസി. പ്രൊഫസർ, മലയാളം**

**സി. പി. എ കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ്, പുത്തനത്താണി.**

## ഉദ്ദേശ്യലക്ഷ്യങ്ങൾ

പരമ്പരാഗതമല്ലാത്ത സയൻസ് വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര സാംസ്കാരിക മേഖലകളിലേക്ക് മാതൃഭാഷയിലൂടെ ചെന്നെത്താനുള്ള അവസരം നൽകുക. വിവിധ സാഹിത്യരൂപങ്ങളെ പരിചയപ്പെടുക.

മൊഡ്യൂൾ 1 ലേഖനങ്ങൾ

1. കലയും ആവിഷ്കാരവും (ഒന്നാം ഭാഗം): നിത്യചൈതന്യയതി.
2. ഞങ്ങൾ നിങ്ങൾക്ക് ഭൂമിവിറ്റാൽ : സിയാറ്റിൽ മൂപ്പൻ
3. കണ്ടൽ ജീവിതം : പൊക്കുടൻ

മൊഡ്യൂൾ 2 കഥകൾ

1.വേണ്ടാകടി : കോവിലൻ

2.ലോല എന്ന അമേരിക്കൻ പെൺകിടാവ് : പത്മരാജൻ

3.ഒത്തുതീർപ്പുകൾ : അഷിത

മൊഡ്യൂൾ 3 സഞ്ചാരസാഹിത്യം

1. കാപ്പിരികളുടെ നാട്ടിൽ : എസ്. കെ. പൊറ്റെക്കാട്ട്


മൊഡ്യൂൾ 4 കവിതകൾ

1. ബുദ്ധനും ഞാനും നരിയും : ഇടശ്ശേരി
2. കൊല്ലേണ്ടതെങ്ങനെ : സുഗതകുമാരി
3. മീരപാടുന്നു : സച്ചിദാനന്ദൻ
4. പലപോസിലുള്ള ഫോട്ടോകൾ : കെ. ജി. എസ്.

## മൊഡ്യൂൾ 1 ലേഖനങ്ങൾ

# 1. കലയും ആവിഷ്കാരവും (ഒന്നാം ഭാഗം)

## നിത്യചൈതന്യയതി (1924 – 1999)



- അദ്വൈതവേദാന്തദർശനത്തിലും ശ്രീനാരായണ ദർശനത്തിലും പണ്ഡിതനും എഴുത്തുകാരനും ആചാര്യനും തത്ത്വചിന്തകനുമായിരുന്നു **ഗുരു നിത്യചൈതന്യ യതി.**
- 1924 നവംബർ 2 ന് പത്തനംത്തിട്ടയിൽ ജനിച്ചു. ജയചന്ദ്രപ്പണിക്കർ എന്നായിരുന്നു ആദ്യ പേര്. ഹൈസ്കൂൾ പഠനത്തിന് ശേഷം അദ്ദേഹം വീട് വിട്ട് ഭാരത പര്യടത്തിന് പുറപ്പെട്ടു.
- ശ്രീനാരായണഗുരുവിന്റെ ആത്മീയ ശൃംഖലയിൽ മൂന്നാമനായി കണക്കാക്കപ്പെടുന്നു. ശ്രീനാരായണ ദർശനങ്ങൾ പ്രചരിപ്പിക്കുവാനായി സ്ഥാപിക്കപ്പെട്ട നാരായണ ഗുരുകുലത്തിന്റെ തലവനായിരുന്നു ഇദ്ദേഹം.
- അദ്വൈത വേദാന്തത്തിന്റെയും ഭാരതീയ തത്വശാസ്ത്രത്തിന്റെയും ഒരു പ്രമുഖ വക്താവുമായിരുന്നു ഗുരു നിത്യചൈതന്യയതി.
- ഹൈന്ദവ സന്ന്യാസിയായിരുന്നെങ്കിലും ഇതരമതസ്ഥരുടെ ഇടയിലും യതി ഏറെ ബഹുമാനിക്കപ്പെട്ടിരുന്നു.
- ഭൗതികം, അധ്യാത്മികം, സാമൂഹികം, സമ്പദ് വ്യവസ്ഥ, വിദ്യാഭ്യാസം, ആരോഗ്യശാസ്ത്രം, സാഹിത്യം, സംഗീതം, ചിത്രകല, വാസ്തുശില്പം, തുടങ്ങി ഒട്ടേറെ വിഷയങ്ങൾ അദ്ദേഹം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

- മതങ്ങൾക്ക് അതീതമായ ആത്മീയതയിലും ശ്രീനാരായണ ദർശനത്തിലും അഗാധമായ അറിവുണ്ടായിരുന്ന ആത്മീയാചാര്യനും തത്ത്വചിന്തകനുമായിരുന്നു ഗുരു നിത്യ ചൈതന്യയതി.
- ഒരുമതത്തിനും ദൈവത്തിനും നിത്യചൈതന്യയതി കീഴടങ്ങിയിട്ടില്ല. അദ്ദേഹത്തിന്റെ മതം സയൻസ് ആയിരുന്നു.
- ഡൽഹിയിലെ സൈക്കിക് ആന്റ് സ്പിരിചൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ, അമേരിക്ക ഇംഗ്ലണ്ട്, യൂറോപ്പ് എന്നിവടങ്ങളിലെ സർവകലാശാലകളിൽ വിസ്റ്റിങ് പ്രൊഫസറായും സേവനമനുഷ്ഠിച്ചു.
- തത്ത്വശാസ്ത്രം, മനഃശാസ്ത്രം, സൌന്ദര്യശാസ്ത്രം സാമൂഹികാചാരങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് നൂറിൽപരം പുസ്തകങ്ങൾ എഴുതി.
- പ്രധാനകൃതികൾ : ഏകലോകാനുഭവം, പ്രേമവും അർപ്പണവും, യാത്ര, ഗുരുവും ശിഷ്യനും, ദൈവം സത്യമോ മിഥ്യയോ, മനഃശാസ്ത്രം ജീവിതത്തിൽ , മാക്സിം ഗോർക്കി —ഒരു പഠനം, ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം കൃതികൾ എഴുതിയിട്ടുണ്ട്.
- 'നളിനി എന്ന കാവ്യശിൽപ്പം' എന്ന ഗ്രന്ഥത്തിന് 1977 -ൽ സാഹിത്യനിരൂപണത്തിനുള്ള അവാർഡ് ലഭിച്ചു.
- 1999 മെയ് 14 ന് ഊട്ടിയിലെ ആശ്രമത്തിൽവെച്ച് സമാധി പ്രാപിച്ചു.

*പാഠസംഗ്രഹം*

- ശാസ്ത്രീയമായ രീതികളെ മുൻനിർത്തികൊണ്ടാണ് യതി ലേഖനം വിശദമാക്കുന്നത്.
- മനുഷ്യമനസ്സിനെ ഉൾക്കൊള്ളുന്ന സമൂഹത്തെയും സമൂഹം വ്യക്തികളിൽ നിർമ്മിച്ചെടുക്കുന്ന അഭിരുചികളെയും അധ്യാമികതയുടെ തലത്തിൽ വിമർശിക്കുകയാണ് ഈ ലേഖനത്തിൽ.
- എങ്ങനെയാണ് ഒരു സാഹിത്യരൂപം മനുഷ്യനുള്ളിൽ കടന്നുവരുന്നത്, മറഞ്ഞുകിടക്കുന്ന കഴിവുകളെ എങ്ങനെയാണ് പുറത്തു കൊണ്ടുവരുന്നതെന്നും അത് വളർത്തികൊണ്ടു വരുന്നതിന്റെ പ്രക്രിയയെകുറിച്ചുമാണ് ലേഖനത്തിൽ പറയുന്നത്.
- കല, ശാസ്ത്രം , മതം എന്നീ മൂന്ന് വസ്തുതകളെ എടുത്തുകൊണ്ട് ജഡാവസ്ഥയിലായ ആളുകളുടെ കഴിവുകളെ അതിനെ ചൈതന്യവൽകരിച്ചുകൊണ്ട് നാം ഒരു ശിശുവിനെ വളർത്തികൊണ്ടു വരുന്നു.
- മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ കല, ശാസ്ത്രം, മതം എന്നിവയിലൂടെ ഉണർത്താനും ആവിഷ്കരിക്കാനും സാധിക്കുന്നു.

- കല, ശാസ്ത്രം, മതം എന്നീ മൂന്ന് വസ്തുതകളിലൂടെ ഒരു വ്യക്തി വളർന്നുവരുമ്പോൾ (ബാല്യത്തിലൂടെ, കൌമാരത്തിലൂടെ, യൌവനത്തിലൂടെ) അതൊരു കലാ സംസ്കാരികചരിത്രമായി മാറുന്നു.
- കല എന്നാൽ അടയാളമാണെന്നും, കല ഒന്നിനെ മറ്റൊന്നിനെ വേർത്തിരിക്കാൻ പറ്റുന്ന ഒന്നായി മാറുന്നു. കല അവന് പഞ്ചേന്ദ്രീയങ്ങളില്ലൂടെയും അറിവാക്കുന്നു.
- മതത്തെ അടയാളപ്പെടുത്തുന്നത്, മിത്തിന്റെ രൂപത്തിൽ പറയുന്നു.
- ഒരോ കലക്കും അതിന്റേതായ ഭാഷയുണ്ട്. ഭാഷയിലൂടെ, ചിത്രകലയിലൂടെ വ്യത്യസ്ത രൂപങ്ങളിലൂടെ, നിറങ്ങളിലൂടെ കല പലത്തരത്തിൽ അവതരിപ്പിക്കുന്നു. സാഹിത്യത്തിൽ അതിന്റേതായ അർത്ഥത്തെ സൂചിപ്പിക്കാൻ വേണ്ടി അതിനനുസൃതമായ വാക്കുകൾ ചേർക്കുന്നുണ്ട്.
- രൂപത്തെ കുറിച്ച് പറയുന്നു. അതിൽ പ്രധാനമായും ആകൃതിയെ സംബന്ധിച്ച് വിശകലനം ചെയ്യുന്നു.
- പ്രകൃതിയിൽ നിന്നും ആകൃതിയെ കണ്ടെത്തിയും അതിനോടനുബന്ധിച്ച് ശാസ്ത്രീയമായി ഒരോന്നും മനുഷ്യൻ നിർമ്മിച്ചെടുക്കുന്നു.
- മനുഷ്യനിർമ്മിതമായ യന്ത്രങ്ങളിലും യന്ത്രങ്ങളുടെ രൂപരേഖയായി വരക്കുന്ന ചിത്രങ്ങളിലും കാണുന്ന മിക്ക ആവിഷ്കാരങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ടത്താം.
- ആകാശത്തിലെ പക്ഷി പറക്കുന്ന പോലെ വിമാനവും, വെള്ളത്തിലെ മത്സ്യങ്ങളെപ്പോലെ കപ്പലുകളും അതിന് ഉദാഹരണങ്ങളാണ്.
- ജഡാവസ്ഥയിൽ നിന്ന മനുഷ്യനെ ചിന്തിക്കാനും അവന്റെ ഉള്ളിലെ പ്രതിഭയെ ഇവിടെ പല തിരിച്ചറിവുകളിലേക്ക് നയിക്കുകയും ചെയ്യുന്നു.
- വ്യത്യസ്തമായ രീതിയിലാണ് കലയെ എഴുത്തുകാരനും, ചിത്രക്കാരനും ഒക്കെ നോക്കികാണുന്നത്.

***<u>സഹായകഗ്രന്ഥങ്ങൾ</u>***


1. ഗൂഗിൾ വിക്കിപീഡിക
2. കലയുടെ മനശ്ശാസ്ത്രം – നിത്യചൈതന്യ യതി
3. കലയും ആവിഷ്കാരവും – കാലിക്കറ്റ് യൂണിവേഴ്സിറ്റി ടെക്സ്റ്റ് ബുക്ക്


.........................................................................................................

# 2.ഞങ്ങൾ നിങ്ങൾക്ക് ഭൂമിവിറ്റാൽ : സിയാറ്റിൽ മൂപ്പൻ



**സിയാറ്റിൽ** മൂപ്പൻ

- (1780 – 1866 ) അമേരിക്കൻ ഐക്യനാട്ടുകളിലെ ദുവാമിഷ് ഗോത്ര മുഖ്യനും സുക്കാമിഷ്, ദുവാമിഷ് എന്നീ ആദിമ അമേരിക്കൻ ഇന്ത്യൻ നിവാസികളുടെ നേതാവുമായിരുന്ന **സിയാറ്റിൽ മൂപ്പൻ** .
- ഇന്നത്തെ വാഷിംഗടണിലെ സിയാറ്റിലിൽ ആയിരുന്നു ഇദ്ദേഹം അധിവസിച്ചിരുന്നത്.
- അദ്ദേഹത്തിന്റെ പേരിൽ നിന്നാണ് സിയാറ്റിൽ എന്ന സ്ഥലപ്പേരുണ്ടായത്.

- അമേരിക്കൻ ആദിമനിവാസികളുടെ ഭൂ-അവകാശത്തിനും പാരിസ്ഥിതിക ഉത്തരവാദിത്തത്തിനും വേണ്ടി വാദിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രസിദ്ധ പ്രഭാഷണങ്ങൾ. 1854 –ലെ വിഖ്യാതമായ പ്രസംഗത്തിന്റെ പരിഭാഷയാണിത്.
- 1848 -ൽ ഫ്രഞ്ച് മിഷണറിമാരുടെ പ്രേരണയിൽ കത്തോലിക്ക വിശ്വാസിയായി സിയാറ്റിൽ മാറി
- 1866 - ൽ ജൂൺ 7 – ന് അന്തരിച്ചു.

<u>പാഠസംഗ്രഹം</u>




- സക്കറിയ വിവർത്തനം ചെയ്യുകയും തോമസ് പാലക്കീൽ പഠനം തയ്യാറാക്കുകയും ചെയ്ത പ്രസംഗമാണിത്. പരിസ്ഥിതി വിഷയവുമായി ബന്ധപ്പെട്ട ലേഖനമാണിത്.
- അമേരിക്കൻ പ്രസിഡണ്ട് ഗവർണർ മുഖാന്തരം അവരുടെ ഭൂമി ആവശ്യപ്പെട്ടുമ്പോൾ സിയാറ്റിൽ മൂപ്പൻ ചോദിക്കുന്ന പ്രസക്ത ചോദ്യങ്ങളാണ് പാഠഭാഗത്ത് ഉള്ളത്.
- ഹോം എന്ന ഡോക്യുമെന്ററിയുടെ തിരക്കഥയുടെ ഭാഗമായി സിയാറ്റിൽ മൂപ്പന്റെ പ്രഭാഷണത്തിന് ടെഡ് പെറി നൽകിയ പുനരാഖ്യാനം.
- ഈ ഭൂമിയിൽ എല്ലാവർക്കും അവകാശമുണ്ട്. പരിസ്ഥിതി പ്രവർത്തകരുടെ മുറവിളികളാണ് പ്രധാനമായും ചർച്ചചെയ്യുന്നത്.
- താൻ താമസിക്കുന്നസ്ഥലം വിട്ടുപോകാൻ ഗോത്രവിഭാഗങ്ങൾക്ക് ആകുന്നില്ല. മാത്രമല്ല പകരം ഗോത്രവിഭാഗകാർക്ക് വേണ്ടി മറ്റൊരു സ്ഥലം മാറ്റി വെക്കാമെന്നും അധികാരി നിർദ്ദേശിക്കുന്നുണ്ടെങ്കിലും വളരെ സൗമ്യമായ രീതിയിൽ സിയാറ്റിൽ മൂപ്പൻ ഇവിടെ ഇടപ്പെടുന്നു.

- ഞങ്ങളുടെ പൂർവികരുടെ മണമുള്ള ഈ മണ്ണ് വിട്ട് പോകാൻ ഞങ്ങൾക്ക് താൽപര്യം ഇല്ല എന്ന് സിയാറ്റിൽ പറയുന്നു.
- നൂറ് വർഷംമുന്നേ ഉള്ള മനുഷ്യരുടെ കാഴ്ചപ്പാടുകളെ വിശകലനം ചെയ്യുന്നു. വെളുത്ത മനുഷ്യരുടെ ക്രൂരതകളെ വെളിപ്പെടുത്തുന്നു. ഇവർ ഭൂമിയെ ചൂക്ഷണം ചെയ്യുകയാണ്.
- വെളുത്ത വർഗക്കാക്ക് ഭൂമികൊടുത്താൽ ഉണ്ടാവുന്ന മഹാവിപത്തുകളെക്കുറിച്ച് സൂചിപ്പിക്കുന്നു.
- പ്രകൃതിയുമായി വിട്ടുമാറുക എന്നത് സങ്കൽപ്പിക്കാൻ സാധ്യമല്ല. എന്നാൽ വെളുത്തമനുഷ്യർക്ക് അത് അത്ര ഉൾകൊള്ളാൻ തയ്യാറാകുന്നില്ല.
- ഇനി അഥവാ നിങ്ങൾക്ക് ഭൂമി തന്നാൽ നിങ്ങൾ പ്രകൃതിയെ സംരംക്ഷിക്കുമോ? ഇല്ല എന്ന് കൃത്യമായി പ്രഭാഷകൻ നിരവധി ഉദാഹരണങ്ങളിലൂടെ ഇവിടെ വെളിപ്പെടുത്തുന്നുണ്ട്. (ഭക്ഷണത്തിനായി കൊല്ലുന്ന കാട്ടുപോത്തുകളെ നിങ്ങൾ എന്തിനാണ് വെടിവെച്ചു വീഴ്ത്തുന്നത് എന്ന വാക്യം അതിന് ഉദാഹരണമാണ്. )
- മൃഗങ്ങളെ ഇങ്ങനെ കൊന്നൊടുക്കുന്നത് എന്തിനാണ്. ഒരു പക്ഷെ നാളെ മനുഷ്യർക്കും ഇങ്ങനെ തന്നെ കടന്നു വരും. മനുഷ്യനുമാത്രമായി ഒരു നില നിൽപ്പില്ല എന്ന് പറയുന്നു.
- ഭൂമി നമ്മുടെ അമ്മയാണ്. അപരിഷ്കൃതർ എന്ന് പറഞ്ഞു തള്ളുന്ന മൂപ്പന്റെ വാക്കുകൾക്ക് ഇവിടെ വലിയ പ്രസക്തിയേറുന്നു.
- നിറത്തിന്റേയോ വർഗ്ഗീയതയുടേയോ പേരിൽ പ്രശ്നങ്ങൾ ഉണ്ടാവുമ്പോഴും ഭൂമി എല്ലാവർക്കും തുല്യരാണ് എന്ന് പറയുകയാണ് ഇതിലൂടെ.
- എല്ലാവിധ വികസിത രാഷ്ട്രവും നശിക്കാൻ ഒരുങ്ങുന്നുണ്ട്. അതിനായി മുന്നറിയിപ്പ് ലേഖനത്തിൽ പറയുന്നു.
- ജീവിതത്തിന്റെ അന്ത്യം ഇവിടെ ആരംഭിച്ചു. ഇനി അതിജീവനത്തിന്റെ ആവശ്യമാണ് എന്നും ലേഖനം സംവദിക്കുന്നു.

***<u>സഹായകഗ്രന്ഥങ്ങൾ</u>***


1. ഗൂഗിൾ വിക്കിപീഡിക
2. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ - സിയാറ്റിൽ മൂപ്പൻ

   (പരിഭാഷ – സക്കറിയ, പഠനം – തോമസ് പാലക്കീഴ്)


.............................................................................................

# 3.കണ്ടൽ ജീവിതം : പൊക്കുടൻ



**കല്ലേൻ പൊക്കുടൻ - കണ്ടൽജീവിതം.**

(1937 – 2015)

- കണ്ണൂർ ജില്ലയിലെ ഏഴോ പഞ്ചായത്തിലെ എടക്കിൽത്തയിൽ അരിങ്ങളെയൻ ഗോവിന്ദൻ പറോട്ടിയുടെയും കല്ലേൻ വെള്ളച്ചിയുടേയും മകനായി ജനിച്ചു.
- കല്ലേൽ പൊക്കുടൻ, കണ്ടൽ പൊക്കുടൻ എന്നീ പേരുകളിൽ അറിയപ്പെട്ടു.
- പരിസ്ഥിതി പ്രവർത്തകനായ പൊക്കുടന്റെ സംഭാവനകൾ യുനെസ്കോയുടെ പരാമർശം നേടിയിട്ടുണ്ട്.
- രണ്ടാം ക്ലാസ്സിൽ പഠനമുപേക്ഷിച്ച് ജന്മിയുടെ കൂടെ കൃഷിപണിക്കു പോകുകയും തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. പിന്നീട് രാഷ്ട്രീയ രംഗം വിട്ട് പരിസ്ഥിതി സംരംക്ഷണത്തിലേക്ക് തിരിഞ്ഞു.
- ആദിവാസി, ദളിത് വിഭാഗങ്ങൾക്കെതിരെ നടക്കുന്ന ചൂഷണങ്ങൾ ആവിഷ്കരിച്ചുകൊണ്ട് 2013 - ൽ പുറത്തിറങ്ങിയ 'പാപ്പിലിയോ ബുദ്ധ'എന്ന സിനിമയിൽ കരിയൻ എന്ന കഥാപാത്രത്തെ പൊക്കുടൻ അവതരിപ്പിച്ചു.
- എന്റെ രാഷ്ട്രീയ ജീവിതം (ആത്മകഥ), കണ്ടൽകാടുകൾക്കിടയിൽ എന്റെ ജീവിതം, ചൂട്ടാച്ചി എന്നിവയാണ് കൃതികൾ.
- സംസ്ഥാന സർക്കാരിന്റെ വനമിത്ര പുരസ്കാരം, ഹരിതവ്യക്തി പുരസ്കാരം, കേരളത്തിലെ മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള ബിനുജിത്ത് പ്രകൃതി പുരസ്കാരം, മികച്ച സാമൂഹിക പ്രവർത്തകനുള്ള എ.വി. അബ്ദുറഹ്മാൻ ഹാജി പുരസ്കാരം, കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവചരിത്രത്തിനുള്ള പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു.
- 2015 സെപ്റ്റംബർ 27-ന് അന്തരിച്ചു.



<u>**കണ്ടൽക്കാടുകൾ**</u>

- അഴിമുഖങ്ങളിലും ചതുപ്പുകളിലും കായലോരങ്ങളിലും വളരുന്ന വൃക്ഷങ്ങളും കുറ്റിച്ചെടികളും അടങ്ങുന്നസങ്കീർണ്ണമായ ആവാസവ്യവസ്ഥകൾ ആണ് **കണ്ടൽക്കാട്** (Mangrove forest).
- കണ്ടൽമരങ്ങളും അവയുടെ കൂടെ വളരുന്ന കണ്ടലിതര സസ്യങ്ങളും ഈ പ്രദേശങ്ങളിൽ ഇടതിങ്ങി വളരുന്നു.
- പുഴയും കടലും ചേരുന്നിടത്തുള്ള ഉപ്പ് കലർന്ന വെള്ളത്തിൽ വളരുന്ന ഇവയെ കണ്ടൽച്ചെടികൾ എന്നും വിളിക്കുന്നു.
- വേലിയേറ്റ സമയത്ത് ജലാവൃതമായും വേലിയിറക്ക സമയത്ത് അനാവൃതവുമായ അന്തരീക്ഷവുമായി ബന്ധപ്പെടുന്ന തണ്ണീർത്തടങ്ങളിലെ ചതുപ്പ് നിലങ്ങളിലാണ് സാധാരണയായി കണ്ടൽക്കാടുകൾ വളരുന്നത്.
- 80 രാജ്യങ്ങളിലായി ഏകദേശം 1.4 കോടി ഹെക്ടർ പ്രദേശത്ത് കണ്ടൽക്കാടുകൾ ഉണ്ട് എന്ന് കണക്കാക്കപ്പെടുന്നു.
- ഇന്ത്യയിൽ 6740 ചതുരശ്രകിലോമീറ്റർ പ്രദേശത്ത് ഇവ കാണപ്പെടുന്നുണ്ടെന്നാണ് കണക്ക്. അധികവും ആന്തമാൻ നിക്കോബാർ ദ്വീപുകളുടെ കിഴക്കൻതീരങ്ങളിലാണ്. ഭൂമിയിലെ ഏറ്റവും ജൈവസമ്പന്ന ആവാസവ്യവസ്ഥകളിൽ പ്രധാനപ്പെട്ടവയാണ് കണ്ടൽകാടുകൾ.

- ഉഷ്ണ മേഖല കാടുകൾ ആഗിരണം ചെയ്യുന്ന കാർബണിനേക്കാൾ അമ്പതിരട്ടി കാർബൺ വലിച്ചെടുക്കാനുള്ള ശേഷി ഇത്തരം കണ്ടൽക്കാടുകൾക്കുണ്ട്. അതുവഴി അന്തരീക്ഷ മലിനീകരണം ഒരു പരിധി വരെ കുറയ്ക്കാൻ ഇവ സഹായിക്കുന്നു. അതോടൊപ്പം ഇവ ധാരാളം ഓക്സിജനും പുറത്ത് വിടുന്നു.
- വ്യത്യസ്തയിനം മത്സ്യങ്ങളടക്കമുള്ള ജലജീവികൾക്ക് സുരക്ഷിതമായി പ്രജനനം നടത്താനും, പക്ഷികൾക്ക് കൂടുകൂട്ടാനും ഈ പ്രദേശങ്ങളാണ് അഭികാമ്യം. മാത്രമല്ല, പ്രകൃതി ദുരന്തങ്ങളെ ചെറുക്കാനും ഇവക്ക് അത്ഭുതകരമായ ശേഷിയുണ്ട്.
- ജലാശയങ്ങൾക്ക് സമീപം കണ്ടൽ ചെടികൾ നട്ടു വളർത്തുക, കണ്ടൽക്കാടുകൾ സംരക്ഷിക്കുക എന്നതാണ് പരിസ്ഥിതി സംരക്ഷണത്തിന് ഫലപ്രദമായ ഒരു മാർഗം.
- കേരളത്തിൽ കല്ലേൻ പൊക്കുടൻ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി പ്രവർത്തിച്ച ഒരു പരിസ്ഥിതി പ്രവർത്തകനാണ്.
- കണ്ടൽക്കാടുകളെ റിസർവ്വ് വനമാക്കി മാറ്റിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് പശ്ചിമബംഗാൾ. ലോകത്തിലെ ഏറ്റവും വലിയ കണ്ടൽക്കാട് ഇന്ത്യയിലാണ്.

## പാഠസംഗ്രഹം

- കല്ലേൻ പൊക്കുടന്റെ ആത്മകഥയിലെ ഒരു ഭാഗമാണിത്. പ്രകൃതിയുടെ ശ്വാസകോശങ്ങൾ എന്നറിയപ്പെടുന്ന കണ്ടൽകാടുകളെ കുറിച്ചും അവയുടെ പരിസ്ഥിതി സരംക്ഷണത്തിലുള്ള പ്രാധാന്യത്തെക്കുറിച്ചുള്ള വിവരണമാണ് പാഠഭാഗം.
- ചെറുപ്പത്തിൽ തന്നെ കണ്ടൽ നടുന്നതിലും സംരംക്ഷിക്കപ്പെടുന്നതിലും താൽപര്യം പൊക്കുടന് ഉണ്ടാവുകയും 1989 -ൽ കണ്ണൂർ പഴയങ്ങാടിയിൽ മുട്ടുകണ്ടി ബണ്ടിന്റെ കരയിൽ കണ്ടൽ ചെടികൾ നട്ടു പിടിപ്പിക്കുകയും അതിനെ സംരംക്ഷിക്കുകയും ചെയ്തു.
- ഏറെക്കാലം രാഷ്ട്രീയത്തിൽ ഉണ്ടായിരുന്നു. പിന്നീട് വ്യക്തിപരമായ കാരണങ്ങൾ മൂലം രാഷ്ട്രീയത്തിൽ നിന്ന് മാറി നിന്നു. പുലയനായ പൊക്കുടൻ സമുദായത്തിന്റെ പേരിലും ദുരിതം അനുഭവിച്ചു. ഈ സമയത്തു നിന്നാണ് പൊക്കുടൻ കണ്ടൽചെടികൾ നട്ടു വളർത്തുന്നത്.
- കണ്ടൽ കൃഷിയുടെ രണ്ടാംഘട്ടത്തിൽ ആയിരം കണ്ടൽ നടുമ്പോഴാണ് പയ്യന്നൂർ കോളേജിലെ ടി. പവിത്രൻ മാഷ് വരുന്നതും, കണ്ടലുകളെക്കുറിച്ചുള്ള വാർത്ത മാതൃഭൂമി പത്രത്തിൽ അച്ചടിച്ചു വരുകയും ചെയ്തതോടെ ധാരാളം

ആളുകൾ കണ്ടലുകളെക്കുറിച്ച് പഠിക്കാനും വന്നു. പൊക്കുടനെ കേരളക്കര പതിയെ അറിയാനും തുടങ്ങി.

- ഉപ്പുവെള്ളത്തെ ശുദ്ധീകരിക്കാനും കാറ്റിനെ തടയാനും കരയെ സംരംക്ഷിക്കാനും കണ്ടലുകൾ വേണം. എണ്ണിയാൻ ഒതുങ്ങാത്ത മത്സ്യങ്ങൾ മുട്ടയിടുന്നതും, പെരുകുന്നതും കണ്ടലുകൾക്കിടയിലാണ്.
- 1991 -ൽ ഫിബ്രുവരിയിൽ പാസാക്കിയ തീരദേശ പരിപാലന നിയമത്തെക്കു ദുർലഭപ്പെട്ടുത്തരുതെന്ന് പറഞ്ഞ ആളുകളാണ് നമ്മൾ, ഇനിയും വികസനങ്ങൾ തുടർന്നാൽ എല്ലാം നാശത്തിൽ കലാശിക്കുമെന്നാണ് പൊക്കുടൻ പറയുന്നത്.
- മനുഷ്യൻ തന്നെയാണ് പ്രകൃതിയുടെ നാശത്തിന് കാരണം എന്നും, നമ്മളനുഭവിച്ച പ്രകൃതി ദുരന്തങ്ങൾക്ക് ഒരു പരുധി വരെ നമ്മൾ തന്നെയാണ് കാരണക്കാരെന്നു കണ്ടൽജീവിതത്തിൽ പറഞ്ഞുവെക്കുന്നു.


***<u>സഹായകഗ്രന്ഥങ്ങൾ</u>***


1. ഗൂഗിൾ വിക്കിപീഡിക
2. കണ്ടൽ കാട്ടുകൾക്കിടയിൽ എന്റെ ജീവിതം – പൊക്കുടൻ
3. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി


........................................................................................

## മൊഡ്യൂൾ 2 കഥകൾ

### 1.വേണ്ടാകടി : കോവിലൻ വി വി അയ്യപ്പൻ



- 1923 ജൂലൈ 23 ന് ഗുരുവായൂരിനടുത്ത് കണ്ടാണിശ്ശേരിയിൽ ജനനം. 25 കൊല്ലം നേവിയിലും പട്ടാളത്തിലും ജോലി ചെയ്തു. പട്ടാളക്കഥകളിൽ പ്രമാണികനാണ്.
- വ്യത്യസ്ത സാമൂഹികാവസ്ഥകളുടെ പശ്ചാത്തലത്തിലാണ് ഇദ്ദേഹത്തിന്റെ രചനകൾ.
- കഥകളുടെ യാഥാർത്ഥ്യവും ശക്തമായ കഥാപാത്രാവിഷ്കാരവും തുളച്ചുകയറുന്ന ഭാഷയും കോവിലന്റെ കഥകളെ വ്യത്യസ്തമാക്കുന്നു. പട്ടാളക്കാരനായിരുന്ന കാലം വളരെ മിഴിവോടെ കൃതികളിൽ ആവിഷ്കരിച്ചു.അവയെല്ലാം തന്നെ അവിസ്മരണീയങ്ങളായി. പല പതിറ്റാണ്ടുകളായി മലയാള സാഹിത്യ, സാംസ്കാരിക മണ്ഡലങ്ങളിലെ ശക്തമായ സാന്നിദ്ധ്യമായിരുന്നു കോവിലൻ.
- ആവിഷ്കാരത്തിലും ശിൽപഘടനയിലും പുതിയപാത വെട്ടിത്തെളിക്കാൻ കഴിഞ്ഞ കഥാകൃത്തുകളിൽ പ്രമുഖനാണ് കോവിലൻ.

- വ്യക്തിജീവിതം ദാർശനികാടിസ്ഥാനത്തിൽ വിലയിരുത്തുന്ന അനുഭവ സമ്പന്നനായ എഴുത്തുക്കാരനാണ് ഇദ്ദേഹം.
- പ്രധാനകൃതികൾ : ഒരു കഷ്ണം അസ്ഥി, ഒരു പലം മനയോല, ശകുനം, പിത്തം,
- നോവലുകൾ : തോറ്റങ്ങൾ(1972- കേരളസാഹിത്യ അക്കാദമി പുരസ്കാരം), ഏ മൈനസ് ബി, ഏഴാമിടങ്ങൾ, തട്ടകം(1988- കേന്ദ്രസാഹിത്യ അക്കാദമി , വയലാർ പുരസ്കാരം) തുടങ്ങിയവ.
- 2006 - ൽ എഴുത്തച്ഛൻ പുരസ്കാരം
- 2010 ജൂൺ 2 ന് അന്തരിച്ചു.

പാഠസംഗ്രഹം


- മികച്ച സ്ത്രീപക്ഷ രചനകളിൽ ഒന്നാണ് വേണ്ടാകടി എന്ന കഥ. സമകാലികമായ വിഷയത്തെ അടയാളപ്പെടുത്തുന്നു.
- പരിമിതമായ ജീവിതസാഹചര്യങ്ങളുള്ള വീട്ടിൽ മുത്തച്ഛനും, മക്കളും, പേരക്കുട്ടികളുമടങ്ങിയ കുടുംബ ചിത്രത്തിൽനിന്ന് ദാരിദ്രം, സ്ത്രീകളോടുള്ള വിവേചനപരമായ പെരുമാറ്റമാണ് കഥാതന്തു.
- മുത്തച്ഛനിലൂടെയാണ് കഥപറയുന്നത്. വീട്ടിലെ പറമ്പിൽനിന്ന് കിട്ടുന്ന വരുമാനം കൊണ്ടാണ് ഈ കുടുംബം കഴിയുന്നത്. വാർധക്യ സഹചമായ പ്രശ്നങ്ങൾ മുത്തച്ഛനെ അലട്ടാൻ തുടങ്ങിയപ്പോ മുത്തച്ഛൻ വീട്ടിൽ തന്നെ ഇരിപ്പാവുകയും, മകന് 6 പെൺമക്കൾ വളർന്നതോടെ വീട്ടിലെ സാമ്പത്തിക പ്രശ്നങ്ങൾ കടന്നു വന്നു.
- ഒരു ആൺക്കുട്ടിയെ വേണം എന്ന ആഗ്രഹവും, തുടർച്ചയായി നടക്കുന്ന പ്രസവവും അതുകൊണ്ടുകൂടി ഉണ്ടാവുന്ന അനാരോഗ്യവും, ദാരിദ്രവും കഥയിൽ വിഷയമാവുന്നു.
- ആറാമതും പെൺകുഞ്ഞു ജനിക്കുമ്പോൾ അതിന്റെ അച്ഛനും അമ്മക്കും കുട്ടിയെ വേണ്ടാതാവുകയും അതിനോടുള്ള അരിശം കണക്കാക്കുകയും ഒടുവിൽ അത് കൊലയിലേക്ക് എത്തപ്പെടുകയും ചെയ്യുന്നു.
- കഥയുടെ പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ വേണ്ടാകടി എന്നത് ആർക്കും വേണ്ടാത്തത് എന്നതാണ്. ആറാമത്തെ കുട്ടിയുടെ പേരിടൽ ചടങ്ങിൽ മുത്തച്ഛൻ ശാന്തമ്മ എന്ന പേരിന് പകരം വേണ്ടാകടി എന്ന പേര് നിർദ്ദേശിക്കുന്നു.
- വളരെ ഹൃദയസ്പർശിയായ കഥാഖ്യാനഘടനയാണ് ഈ കഥയിലൂടെ കോവിലൻ നമ്മുക്കുമുന്നിൽ വരച്ചു കാണിച്ചു തരുന്നത്.

***സഹായകഗ്രന്ഥങ്ങൾ***

1. ഗൂഗിൾ വിക്കിപീഡിക
2. കോവിലൻ കഥകൾ - കോവിലൻ
3. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ — എരുമേലി

.............................................................................................

## 2. ലോല എന്ന അമേരിക്കൻ പെൺകിടാവ് : പത്മരാജൻ



- 1945–ജനുവരി 24 ന് ആലപ്പുഴ ജില്ലയിലെ ഹരിപ്പാടിനടുത്ത് മുതുകുളത്തിൽ ജനനം.
- മലയാള ചലച്ചിത്ര സംവിധായകൻ, തിരക്കഥാകൃത്ത്, സാഹിത്യകാരൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു പി. പത്മരാജൻ
- മുതുകുളത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം മഹാത്മാഗാന്ധികോളേജിൽ നിന്ന് പ്രീ-യൂണിവേഴ്സിറ്റിയും യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് രസതന്ത്രത്തിൽ ബിരുദവുമെടുത്തു(1963).
- 1965ൽ തൃശ്ശൂർ ആകാശവാണിയിൽ അനൗൺസറായി ചേർന്നു. 1986 വരെ ആകാശവാണിയിലെ ഉദ്യോഗം തുടർന്നു.
- സിനിമാരംഗത്ത് സജീവമായതിനെത്തുടർന്ന് ആകാശവാണിയിലെ ഉദ്യോഗം സ്വമേധയാരാജിവെക്കുകയായിരുന്നു.
- കോളേജിൽ പഠിക്കുന്ന കാലത്തുതന്നെ പത്മരാജന്റെ ശ്രദ്ധ കഥകളിലേക്കു തിരിഞ്ഞു. കൗമുദി വാരികയിൽ പ്രസിദ്ധീകരിച്ച *ലോല മിസ് ഫോർഡ് എന്ന അമേരിക്കൻ പെൺകിടാവ്* എന്ന കഥയാണ് പത്മരാജന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ രചന

- . ആകാശവാണിയിൽ പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച ശ്രദ്ധേയമായ ചെറുകഥാസമാഹരങ്ങളാണ് *അപരൻ, പ്രഹേളിക, പൂകക്കണ്ണട* എന്നിവ.
- കഥാരചനയിലെ വൈഭവം നോവൽരചനയിലേയ്ക്ക് പത്മരാജനെ ആകർഷിച്ചു. 1971-ൽ എഴുതിയ *നക്ഷത്രങ്ങളേ കാവൽ* എന്ന നോവൽ ഏറെ ശ്രദ്ധേയമായി
- ആ വർഷത്തെ കേരള സാഹിത്യ അക്കാദമി പുരസ്കാരവും ഈ കൃതിയിലൂടെ പത്മരാജൻ നേടി.
- *വാടകയ്ക്കൊരു ഹൃദയം, ഇതാ ഇവിടെ വരെ, ശവവാഹനങ്ങളും തേടി* തുടങ്ങിയ നോവലുകൾ പ്രസിദ്ധീകരിച്ചു. *ഉദകപ്പോള, മഞ്ഞുകാലം നോറ്റ കുതിര, പ്രതിമയും രാജകുമാരിയും* തുടങ്ങിയ നോവലുകൾ ചലച്ചിത്രരംഗത്തു പ്രസിദ്ധനായതിനുശേഷം രചിച്ചു.
- *പെരുവഴിയമ്പലം, രതിനിർവ്വേദം* തുടങ്ങിയവയാണ് പത്മരാജന്റെ പ്രശസ്തമായ മറ്റു നോവലുകൾ.

  - 1975-ൽ എഴുതിയ *പ്രയാണം* ആണ് പത്മരാജന്റെ ആദ്യ തിരക്കഥ. സംവിധായകനായ പത്മരാജൻ സ്വന്തമായി സംവിധാനം ചെയ്ത ചിത്രങ്ങളുൾപ്പെടെ മുപ്പത്തിയാറ് തിരക്കഥകൾ രചിച്ചു. ദേശീയവും അന്തർദ്ദേശീയവുമായ നിരവധി ബഹുമതികളും ലഭിച്ചിട്ടുണ്ട്.
  - ഞാൻ ഗന്ധർവ്വൻ എന്ന തന്റെ ചിത്രത്തിന്റെ പ്രിവ്യൂ കാണാനായി കോഴിക്കോട്ടെത്തിയ പത്മരാജനെ 1991 ജനുവരി 24-ആം തീയതി രാവിലെ അവിടുത്തെ ഹോട്ടൽ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തി.

## പാഠസംഗ്രഹം

- മലയാളത്തിലെ മികച്ച പ്രണയകഥയാണ് ലോല.
- സ്കോളർഷിപ്പുമായി അമേരിക്കയിൽ പഠിക്കാനെത്തിയ നായകൻ ലോല മിൽഫോർഡ് എന്ന പെൺകുട്ടിയുമായി പ്രണത്തിലാവുന്നു.
- ധാരാളം പ്രശ്നങ്ങളെ മിൽഫോർഡ് അഭിമുഖീകരിക്കുന്നുണ്ട്.
- പ്രണയകഥയാണെങ്കിലും സമൂഹത്തെക്കുറിച്ച് കൃത്യമായ ധാരണ അവർക്കുണ്ടാവുന്നു.
- പ്രണയം നഷ്ടപ്പെട്ടുപോകുമ്പോൾ സാഹചര്യങ്ങളാണ് മനുഷ്യനെ ആത്മഹത്യ ചെയ്യേണ്ടി വരുന്നതിനെ കുറിച്ചുള്ള ചിന്തകൾ പങ്കുവെക്കുന്നു.

- രണ്ടു ദേശങ്ങളിലും, രണ്ടു സംസ്കാരങ്ങളിലും, രണ്ടു മതങ്ങളിലും വളർന്ന ഇവർക്കിടയിൽ ഉണ്ടെങ്കിലും ധാരാളം വെല്ലുവിളികളെ ഭയക്കേണ്ടി വന്നതിനാൽ ഇവർ സ്വയം വേർപിരിയുന്നു.
- വ്യക്തിയുടെ മനസ്സിലെ സംഘർഷം കഥ തുറന്നു കാണിക്കുന്നു.
- കഥയുടെ ആഖ്യാനഘടന വായനക്കാരെ വേറിട്ട തലങ്ങളിലേക്ക് ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

<u>*സഹായകഗ്രന്ഥങ്ങൾ*</u>

1. ഗൂഗിൾ വിക്കിപീഡിക
2. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി
3. ലോല – പത്മരാജൻ

.....................................................................................

## 3. ഒറ്റത്തീർപ്പുകൾ: അഷിത



- മലയാളത്തിലെ ഒരു ചെറുകഥാകൃത്തും കവയിത്രിയുമായിരുന്ന **അഷിത** (5 ഏപ്രിൽ 1956 തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ കെ.ബി. നായരുടേയും (കഴങ്ങോട്ട് ബാലചന്ദ്രൻനായർ) തങ്കമണിയമ്മയുടേയും മകളായി ജനിച്ചു.
- ഡെൽഹിയിലും ബോംബെയിലുമായി സ്കൂൾ പഠനം പൂർത്തിയാക്കി.
- എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടി.
- 2019 മാർച്ച് 27-ന് അർബുദരോഗത്താൽ തൃശ്ശൂരിലെ അശ്വിനി ആശുപത്രിയിൽവച്ച് അന്തരിച്ചു.
- ജീവിതത്തിന്റെ നേർചിത്രം വരച്ചുകാട്ടുന്നവയാണ് ഇവരുടെ രചനകൾ. ആധുനിക തലമുറയിലെ സ്ത്രീപക്ഷ എഴുത്തുകാരിലെ പ്രമുഖയായ ഇവരുടെ 'അഷിതയുടെ കഥകൾ' എന്ന പുസ്തകത്തിന് 2015 ലെ സംസ്ഥാന സാഹിത്യ അക്കാദമി ചെറുകഥാ പുരസ്കാരം ലഭിച്ചിരുന്നു.
- ഇടശ്ശേരി അവർഡ്, പത്മരാജൻ അവാർഡ്, ലളിതാംബിക അന്തർജ്ജനം പുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.
- 'പദവിന്യാസങ്ങൾ' എന്ന പേരിൽ റഷ്യൻ കവിതകളുടെ ഒരു വിവർത്തനവും അവരുടേതായി പുറത്തിറങ്ങിയിട്ടുണ്ട്.

- ബാലസാഹിത്യകൃതികളും അഷിതയുടെ പേരിൽ പുറത്തിറങ്ങിയിട്ടുണ്ട്. കുട്ടികൾക്കുവേണ്ടി ഐതിഹ്യമാല, രാമായണം എന്നിവ പുനരാഖ്യാനം ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു.
- മറ്റു ഭാഷയിലെ സാഹിത്യകൃതികൾ മൊഴിമാറ്റത്തിലൂടെ മലയാളത്തിനു പരിചയപ്പെടുത്തുന്നതിൽ അഷിത ശ്രദ്ധിച്ചിരുന്നു. റഷ്യൻ കവി അലക്സാണ്ടർ പുഷ്കിന്റെ കവിതകളും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു.

പ്രധാനകൃതികൾ : വിസ്മയചിഹ്നങ്ങൾ ,അപൂർണ്ണ വിരാമങ്ങൾ , അഷിതയുടെ കഥകൾ, മഴമേഘങ്ങൾ, കല്ലുവച്ച നുണകൾ ,തഥാഗത, ഒരു സ്ത്രീയും പറയാത്തത്, മയിൽപ്പീലിസ്പർശം, അലക്സാണ്ടർ പുഷ്കിന്റെ കവിതകളുടെ മലയാളതർജ്ജമ, മീര പാടുന്നു (കവിതകൾ)

- രാമായണം കുട്ടികൾക്ക് (ആത്മീയം)
- കുട്ടികളുടെ ഐതിഹ്യമാല
- വിവാഹം ഒരു സ്ത്രീയോടു ചെയ്യുന്നത്
- 2015ലെ കേരള സാഹിത്യ അക്കാദമിയുടെ ചെറുകഥാ പുരസ്കാരം (അഷിതയുടെ കഥകൾ)
- ഇടശ്ശേരി പുരസ്കാരം (1986) - *വിസ്മയചിഹ്നങ്ങൾ*
- അങ്കണം അവാർഡ്
- തോപ്പിൽ രവി ഫൗണ്ടേഷൻ അവാർഡ്
- ലളിതാംബിക അന്തർജ്ജനം സ്മാരക സാഹിത്യ അവാർഡ് (1994)
- പത്മരാജൻ പുരസ്കാരം (2000) — *തഥാഗത*

പാഠസംഗ്രഹം

- വിസ്മയചിഹ്നങ്ങൾ എന്ന കഥാസമാഹാരത്തിലെ കഥയാണ് ഒത്തുതീർപ്പുകൾ
- മലയാളത്തിലെ മികച്ച സ്ത്രീപക്ഷ രചനകളിൽ ഒന്ന്.
- നഗരകേന്ദ്രീതമായ ഫ്ലാറ്റിൽ താമസിക്കാൻ വന്ന സരളയുടെ അനുഭവമാണ് ഈ കഥ.
- സന്ധ്യകഴിഞ്ഞാൽ ഫ്ലാറ്റിന്റെ പിൻവശത്ത് കോളണിയിൽ പണിയെടുക്കുന്നവർ നിരനിരയായി അവിടെ താമസമാക്കുന്നവർ ഉണ്ടായിരുന്നു. അവരുടെ അപരിഷ്കൃതമായ സംസ്കാരവും മറ്റും കഥയിൽ തുറന്നു കാണിക്കുന്നു.
- പരിഷ്കൃതരായ ആളുകളുടെയും അപരിഷ്കൃതരായ ആളുകളുടെ പെരുമാറ്റങ്ങളെ കഥയിൽ വിശകലനം ചെയ്യുന്നു.

- സരള എല്ലാത്തിനെയും മറിക്കടക്കാൻ ശ്രമിക്കുന്തോറും അവൾ ഒറ്റപ്പെടുകയാണ് ചെയ്യുന്നത്.
- സ്ത്രീ ജീവിതത്തിന്റെ വിപരീത മുഖങ്ങളെയാണ് സരളയിലൂടെയും കുപ്പമ്മയിലൂടെയും കാണാൻ സാധിക്കുന്നത്.
- സദാചാര നാട്യങ്ങളുടെ വെളിപ്പെടുത്തലുകളാണ് ഒത്തുതീർപ്പിൽ സംസാരിക്കുന്നത്.


***<u>സഹായകഗ്രന്ഥങ്ങൾ</u>***


1. ഗൂഗിൾ വിക്കിപീഡിക
2. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ — എരുമേലി
3. അഷിതയുടെ കഥകൾ - അഷിത


..........................................................................................

## മൊഡ്യൂൾ 3 സഞ്ചാരസാഹിത്യം

## കാപ്പിരികളുടെ നാട്ടിൽ : എസ്. കെ. പൊറ്റെക്കാട്ട്




- **സഞ്ചാരസാഹിത്യം** : വായനകാർക്ക് വളരെയേറെ താൽപര്യമുള്ള സാഹിത്യശാഖയാണ് സഞ്ചാരസാഹിത്യം.
- അന്യനാടിനെകുറിച്ച് അറിയുവാനും അവിടുത്തെ ജനങ്ങളുടെ ജീവിതരീതികളെകുറിച്ച് അറിയുവാനുമുള്ള ജിജ്ഞാസ മനുഷ്യനുണ്ട്. എല്ലാ സ്ഥലങ്ങളിലും പോവുക അസാധ്യമായ കാര്യമാണ്.
- മനുഷ്യന്റെ അനുഭവലോകവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും സഞ്ചാര സാഹിത്യത്തിൽ ഉൾകൊള്ളുന്നു. നാടിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകൾ, ജനങ്ങളുടെ ജീവിതരീതി, സാംസ്കാരികബോധം, സാമൂഹിക സ്ഥിതിവിശേഷങ്ങൾ, ഭരണസംവിധാനം തുടങ്ങിയ കാര്യങ്ങൾ സഞ്ചാരസാഹിത്യകൃതികളിൽനിന്ന് അറിയാൻ സാധിക്കും.
- സഞ്ചാരസാഹിത്യത്തിന്റെ ആവിർഭാവം എന്നാണെന്ന് തീർത്തും പറയാൻ സാധിക്കില്ല. ആദ്യകാല ഇതിഹാസങ്ങളായ രാമായാണം, മഹാഭാരതം, ഇലിയഡ് തുടങ്ങിയ ഇതിഹാസങ്ങളിൽ തന്നെ ധാരാളം യാത്രാനുഭവങ്ങൾ പങ്കുവെക്കുന്നുണ്ട്. ആദ്യകാല സന്ദേശകാവ്യങ്ങളിൽ ഇതിന് ഉദാഹരണമാണ്.
- കണ്ടുകിട്ടിയതിൽ വെച്ച് ആദ്യയാത്രാ വിവരണഗ്രന്ഥം ബി.സി 8 - )ം ശതകത്തിൽ എഴുതിയ ഗിൽഗമെഷ് ‘gilamesh’ ആണെന്ന് പറയപ്പെടുന്നു.
- ലോക ചരിത്രത്തിൽ ആദ്യമായി ഇന്ത്യയെക്കുറിച്ച് എഴുതുന്നത് ഇന്ത്യസന്ദർശിച്ച ചൈനാകാരനായ ബുദ്ധസന്യാസിയായ ഫാഹിയാനായിരുന്നു.
- പാറമ്മേക്കൽ തോമകത്തനാർ എഴുതിയ വർത്തമാനപുസ്തകം അഥവാ റോമായാത്രയാണ് ആദ്യ മലയാള സഞ്ചാരസാഹിത്യകൃതി.

- അച്ചടിയുടെ കടന്നുവരവോടെ ധാരളം സഞ്ചാരസാഹിത്യകൃതികൾ മലയാളത്തിൽ കടന്നു വന്നു.
- എൻ. വി. കൃഷ്ണവാര്യരുടെ 'അമേരിക്കയിലൂടെ', തകഴിയുടെ 'അമേരിക്കൻതിരശീല',ഗൌരിയമ്മയുടെ - ലണ്ടൻ ഡയറി, രാജൻകാക്കനാടിന്റെ ഹിമാവാന്റെ മുകൾത്തട്ടിൽ തുടങ്ങിയവ.

**എസ്. കെ പൊറ്റക്കാട് (ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്) 1913 - 1982**

- മലയാള യാത്രാവിവരണ രംഗത്തെ കുലപതിയാണ് എസ്.കെ. കവി, കഥാകൃത്ത്, നോവലിസ്റ്റ് തുടങ്ങിയ മേഖലയിൽ പ്രസ്തനാണ്.
- ജ്ഞാനപീഠപുരസ്കാരം നേടിയിട്ടുണ്ട്
- 1913 മാർച്ച് 14 ന് കോഴിക്കോട് ജനിച്ചു. അച്ഛൻ കുഞ്ഞിരാമൻ പൊറ്റെക്കാട്ട്.
- കോഴിക്കോട് ചാലപ്പുറം ഗണപത് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.
- കോഴിക്കോട് സാമൂതിരി കോളേജിൽ നിന്നും ഇന്റർമീഡിയറ്റ് നേടിയ ശേഷം കോഴിക്കോട്ടെ ഗുജറാത്തിവിദ്യാലയത്തിൽ 1937-1939 വർഷങ്ങളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. ഇക്കാലത്താണ് അദ്ദേഹത്തിന് യാത്രകളിൽ താല്പര്യം ജനിച്ചത്.
- 1939ൽ ബോംബേയിലേക്കുള്ള യാത്രയിൽ നിന്നാണ് ലോകസഞ്ചാരങ്ങൾ ആരംഭിക്കുന്നത്.
- ഇന്ത്യയിലുടനീളം സഞ്ചരിക്കുവാൻ ഈ കാലയളവിൽ അദ്ദേഹം പരിശ്രമിച്ചു. തന്റെ ജീവിതാവബോധവും സാഹിത്യാഭി രുചിയും നവീകരിച്ച അനുഭവങ്ങളാണ് സഞ്ചാരങ്ങളിലൂടെ പൊറ്റെക്കാട്ടിന് കൈവന്നത്. 1949ൽ കപ്പൽമാർഗ്ഗം ആദ്യത്തെ വിദേശയാത്ര നടത്തി.
- യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ദക്ഷിണേഷ്യ, പൂർവേഷ്യ എന്നിവിടങ്ങളിലെ മിക്ക രാജ്യങ്ങളും പല തവണ സന്ദർശിക്കുകയും ഓരോ സ്ഥലത്തെയും സാമാന്യ മനുഷ്യരുമായി ഇടപഴകുകയും ചെയ്തു. മലയാളത്തിനു ഏറെക്കുറെ നവീനമായ യാത്രാവിവരണ സാഹിത്യശാഖയ്ക്ക് എസ്. കെയുടെ സംഭാവനകൾ വിലപ്പെട്ടതാണ്.
- 1957ൽ തലശ്ശേരിയിൽ നിന്നും ലോകസഭയിലേക്കു മത്സരിച്ചെങ്കിലും 1000 വോട്ടിനു പരാജയപ്പെട്ടു. പിന്നീട് 1962ൽ തലശ്ശേരിയിൽ നിന്നു തന്നെ സുകുമാർ അഴീക്കോടിനെ 66,000 വോട്ടുകൾക്ക് പരാജയപ്പെടുത്തി ലോകസഭയിലേക്കു പൊറ്റെക്കാട്ട് തെരഞ്ഞെടുക്കപ്പെട്ടു.

- തെരഞ്ഞെടുപ്പിലൂടെ ലോക്സഭയിലെത്തിയ അപൂർവ്വം സാഹിത്യകാരന്മാരിൽ ഒരാളായിരുന്നു പൊറ്റെക്കാട്ട്. സ്വതന്ത്ര സമര സേനാനി ആയിരുന്നു.
- കോഴിക്കോട് സാമൂതിരി കോളേജ് മാഗസിനിൽ വന്ന *രാജനീതി* എന്ന കഥയായിരുന്നു ആദ്യം പ്രസിദ്ധീകരിച്ച കഥ.
- 1929-ൽ കോഴിക്കോട്ടുനിന്നുള്ള *ആത്മവിദ്യാകാഹളത്തിൽ മകനെ കൊന്ന മദ്യം* എന്ന ഒരു കവിത പ്രസിദ്ധപ്പെടുത്തി.
- 1931-ൽ എറണാകുളത്തുനിന്നു മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിലുള്ള *ദീപം* എന്ന മാസികയിൽ *ഹിന്ദു മുസ്ലിം മൈത്രി* എന്ന കഥയും പുറത്തു വന്നു. *മാതൃഭൂമി* ആഴ്ച്ചപ്പതിപ്പിൽ തുടർച്ചയായി കഥകൾ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 1939-ൽ ബോംബേയിൽ വച്ചാണ് ആദ്യത്തെ നോവൽ *നാടൻപ്രേമം* എഴുതുന്നത്. കാല്പനികഭംഗിയാർന്ന ഈ രചന ഇദ്ദേഹത്തിന് മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാരോടൊപ്പം സ്ഥാനം നേടിക്കൊടുത്തു.
- 1940ൽ മലബാറിലേക്കുള്ള തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ വയനാടിന്റെ കഥ പറയുന്ന വിഷകന്യക പ്രസിദ്ധീകരിച്ചു.
- മദിരാശി സർക്കാരിന്റെ പുരസ്കാരം ഈ നോവലിന് ലഭിച്ചു. ഒരു തെരുവിൻറെ കഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് (1962), ഒരു ദേശത്തിൻറെ കഥയ്ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും (1973), സാഹിത്യപ്രവർത്തക സഹകരണ സംഘം അവാർഡും (1977), ജ്ഞാനപീഠ പുരസ്കാരവും (1980) ലഭിച്ചു.

***യാത്രാവിവരണങ്ങൾ***

- 1947- <u>കാഷ്മീർ</u>
- 1949- <u>യാത്രാസ്മരണകൾ</u>
- 1951- <u>കാപ്പിരികളുടെ നാട്ടിൽ</u>
- 1954- <u>സിംഹഭൂമി</u>
- 1954- <u>നൈൽ ഡയറി</u>
- 1954- <u>മലയ നാടുകളിൽ</u>
- 1955- <u>ഇന്നത്തെ യൂറോപ്പ്</u>
- 1955- <u>ഇന്തൊനേഷ്യൻ ഡയറി</u>
- 1955- <u>സോവിയറ്റ് ഡയറി</u>
- 1956- <u>പാതിരാസൂര്യന്റെ നാട്ടിൽ</u>
- 1958- <u>ബാലിദ്വീപ്</u>
- 1960- <u>ബൊഹീമ്യൻ ചിത്രങ്ങൾ</u>
- 1967- <u>ഹിമാലയസാമ്രാജ്യത്തിൽ</u>
- 1969- <u>നേപ്പാൾ യാത്ര</u>

- 1960- <u>ലണ്ടൻ നോട്ട്ബുക്ക്</u>
- 1974- <u>കയ്റോ കത്തുകൾ</u>
- 1977- <u>ക്ലിയോപാട്രയുടെ നാട്ടിൽ</u>
- 1976- ആഫ്രിക്ക
- 1977- യൂറോപ്പ്
- 1977- <u>ഏഷ്യ</u>

<u>കാപ്പിരികളുടെ നാട്ടിൽ (പാഠ സംഗ്രഹം)</u>

- 1949-ൽ ആഫ്രിക്കൻ പര്യടനത്തിന്റെ ആദ്യഘട്ടങ്ങളിലെ കാഴ്ചകളുടേയും അനുഭവങ്ങളുടേയും വിവരണങ്ങളാണ് കാപ്പിരികളുടെ നാട്ടിൽ ഉള്ളത്.
- ആ കാലത്ത് കിഴക്കേ ആഫ്രിക്കൻ നാടുകളെല്ലാം വെള്ളക്കാരുടെ ഭരണത്തിന് കീഴിലായിരുന്നു.
- ആ കാലയളവിൽ എസ്. കെ കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങളാണ് കാപ്പിരികളുടെ നാട്ടിൽ വിവരിച്ചിരിക്കുന്നത്.
- 9 – ത് അധ്യായങ്ങളിലൂടെയാണ് ഈ യാത്രാവിവരണം കടന്നു പോകുന്നത്.

<u>1. ആഫ്രിക്കയുടെ മണ്ണിൽ</u>

- ബോംബെയിൽ നിന്ന് നിന്ന് പത്ത് ദിവസത്തെ യാത്രക്ക് ശേഷം എഴുത്തുക്കാരൻ ആഫ്രിക്കയിൽ എത്തുന്നു.
- ആഫ്രിക്കൻ വൻകരയുടെ കിഴക്കൻ പടിവാതിവെന്നു പറയപ്പെടുന്ന മൊമ്പാസ് തുറമുഖത്തിൽ എത്തുന്നു. അവിടെ അർദ്ധനഗ്നായ ആഫ്രിക്കൻ കാപ്പിരിയെ ആദ്യമായി കണ്ടുമുട്ടുന്നു.
- മനുഷ്യവർഗത്തിന്റെ ഉത്ഭവം തെക്കുകിഴക്കൻ ഏഷ്യയിൽ എവിടെയോ വെച്ചാണെന്ന് ഗവേണങ്ങളിൽ പറയുന്നു.
- ആസ്ട്രലോയിഡ് എന്ന് വിളിച്ചു വരുന്ന നരവംശത്തിൽനിന്ന് നീഗ്രോ ഉപവർഗം ദക്ഷിണേഷ്യയിൽ ഉത്ഭവിച്ചതായും ആ നീഗ്രോ വർഗ്ഗം ഇന്ത്യ, മലയ,ന്യൂഗിനിയാ, ശാന്തസമുദ്രദ്വീപുകൾ, ആസ്ട്രേലിയ,ന്യൂസിലാന്റ് മുതലായ രാജ്യങ്ങളിലേക്ക് സംക്രമിച്ചതായും പറയപ്പെടുന്നു.
- ആഫ്രിക്കൻ ജനത അപരിഷ്കൃതരായ മനുഷ്യരായിരുന്നു. അവരെ വെള്ളക്കാർ അവരെ ചൂക്ഷണം ചെയ്തിരുന്നു.
- കാപ്പിരിക്കളുടെ സ്വഭാവം ക്രൂരമാണ്. അതിനെ സംബന്ധിച്ചുള്ള കഥ ഇതിൽ പറയുന്നു. അതുകൊണ്ടുതന്നെ ഇരുണ്ട ആഫ്രിക്ക എന്ന് ആഫ്രിക്കയെ വിളിക്കുന്നു.

## 2. ബൈറ

- പോർച്ച്ഗീസ് അധീനതയിൽപ്പെട്ട സ്ഥലമാണ് ബൈറ.
- വെള്ളക്കാരുടെ ശവകുഴിയായിമാറിയ ബൈറയെ പറ്റി പറയുന്നു.
- ഏഷ്യക്കാർക്ക് അവിടെ പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. അവിടെ വർണ്ണ വിവേചനം ഇല്ല.
- പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെങ്കിലും ബൈറയിൽ ഉണ്ടെങ്കിലും പോർച്ച്ഗീസുകരോട് ഇംഗ്ലീഷ് സംസാരിക്കാൻ പാടില്ല എന്ന നിബന്ധന അവിടെ ഉണ്ട്.
- എസ്. കെയുടെ പെട്ടി നഷ്ടപ്പെട്ടപ്പോൾ സംഭവിച്ചപ്പോൾ ഉണ്ടായ ഭാഷ പ്രശ്നത്തെപറ്റി ഇവിടെ പറയുന്നു.
- ബൈറയിൽ വെള്ളത്തെക്കാൾ വിലകുറവ് ബിയറിനാണ്.

## 3. ദക്ഷിണറൊഡേഷ്യയിൽ

- വെള്ളക്കാരുടെ അധീനതയിൽപ്പെട്ട സ്ഥലമാണ്.
- എസ്. കെ. യാത്രചെയ്യുന്നതിനിടയിൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖികരിക്കുന്നു.
- തീവണ്ടിയിൽ കാപ്പിരികൾക്കും ഏഷ്യക്കാരുടെ വെള്ളക്കാർക്കും പ്രത്യേകം സജ്ജീകരണങ്ങൾ അവിടെ ഉണ്ടായിരുന്നു.
- ദക്ഷിണ റൊഡേഷ്യയുടെ പ്രവേശന കവാടമായ ഉംതാലിയിൽ എത്തി.
- ആഫ്രിക്കക്കാരുടെ വ്യത്യസ്ത സംസ്കാര രീതികളെക്കുറിച്ച് പരാമർശിക്കുന്നു.
- ബുലാവായോ ദക്ഷിണ റൊഡേഷ്യയുടെ വാണിജ്യനഗരമാണ്. കൊലക്കളം എന്നാണ് ഇതിനെ വിളിക്കുന്നത്.
- ബുലാവോയിൽ മദിരാശി, ഗുജറാത്തിലെയും ആളുകൾ ധാരാളം ഉണ്ടായിരുന്നു.
- റൊഡേഷ്യയിലെ കാട്ടാളരെ വിളിക്കുന്ന പേരാണ് ദ്ഷ്മൻ എന്ന് .
- വെള്ളക്കാരന് ആഫ്രിക്കയിൽ ഉണ്ടായ സന്താനങ്ങളെ കളർഡ് എന്നു വിളിക്കുന്നു.

## 4. വിക്ടോറിയ വെള്ളച്ചാട്ടം

- വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ അടിസ്ഥാന വിവരണങ്ങൾ നൽകുന്നു.
- ദക്ഷിണ ആഫ്രിക്കയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ വെള്ളച്ചാട്ടം ലിവിങ്സ്റ്റൺ ആയിരുന്നതിനെപറ്റി നിരവധി വാദങ്ങൾ ഉണ്ട്.

- ഈ വെള്ളച്ചാട്ടം കണ്ടെത്തുന്നതിന് മുൻപെതന്നെ കാപ്പിരികൾക്ക് ഇത് അത്ഭുതമാണ്.
- ബട്ടോക്കോ വർഗ്ഗക്കാർ അവിടെ വെച്ച് നരബലി നടത്തിയിരുന്നു.
- ജൂൺ ജൂലൈ മാസങ്ങളിലാണ് വിക്ടോറിയ വെള്ളച്ചാട്ടം സന്ദർശിക്കാൻ പറ്റിയ കാലം.
- കിഴക്കേ അരുവിച്ചാട്ടം, മഴവില്ലിന്റെ വെള്ളച്ചാട്ടം, ചെകുത്താന്റെ കുത്തിത്തിരുപ്പ് എന്നിവയാണ് വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ അംഗങ്ങൾ.
- ആഫ്രിക്കയിൽ കണ്ടുവരുന്ന ബഓബാബ് വൃക്ഷത്തെക്കുറിച്ചുള്ള പരാമർശം.

## 5.കിഴക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാർ

- ധാരാളം ഇന്ത്യക്കാർ ഇവിടെ ഉണ്ട്. പ്രത്യേകിച്ച ഗുജറാത്തികൾ
- ആഫ്രിക്കയിലെ ഉൾനാട്ടിൽ ഓരോ ഗ്രാമങ്ങളിലും ഓരോ ഭാഷയാണ് സംസാരിച്ചിരുന്നത്.
- ആഫ്രിക്കൻ ജനതയെ കുറിച്ച് പാരാമർശം, കറുപ്പുളളികളോട്ട ഇഷ്ടം, കച്ചവട തന്ത്രങ്ങൾ അടയാളപ്പെടുത്തുന്നു.
- ഇന്ത്യൻ അംഗത്വം സ്വീകരിക്കാൻ ഗുജറാത്തി കച്ചവടക്കാർ തയ്യാറാവുന്നില്ല.
- മങ്ക്സിന്റെ ലേഖനവുമായി പരാമർശിച്ച വന്ന പ്രശ്നങ്ങൾ

## 6. ബ്ളാൻടയറിൽനിന്ന് ഡൊഡോമയിലേക്ക്

- യാത്രക്കിടയിൽ എസ്.കെയുടെ ബാഗ് നഷ്ടപ്പെട്ടു.
- കാപ്പിരികളുടെ സ്വഭാവത്തെക്കുറിച്ച് വിശകലനം ചെയുന്നു.
- ലീലാഗ്വൊയിൽ തങ്ങി നിന്ന ദിവസങ്ങൾ
- കാപ്പിരികൾ ആശയവിനിമയം ചെയുന്നത്.
- യാത്രാമധ്യേ ഉണ്ടായ അപകടങ്ങൾ സിംസന്റെ ഡ്രൈവിംങ്
- ഭാഷ അറിയാത്ത പ്രശ്നങ്ങൾ
- അങ്കോണി വർഗ്ഗം, വാഗോഗോ വർഗ്ഗത്തെ കുറിച്ചുള്ള സൂചന
- ഗോഖലെയുള്ള ബന്ധം

- വാഗോഗോ വർഗ്ഗക്കാരുടെ വിചിത്ര ആചാരത്തെക്കുറിച്ചുള്ള പരാമർശം.

## 7. ന്യസാലന്റിലേക്ക് ഒരു തിരിഞ്ഞുനോട്ടം

- ന്യാസാലാന്റിൽ ഗവൺമെന്റ് അംഗികരിച്ച പൊതുഭാഷ ചിന്യഞ്ചയാണ്.
- ഉണ്യോഗോ എന്ന കർമ്മം
- അങ്കുരു വർഗ്ഗക്കാരെക്കുറിച്ച പരാമർശം. മനുഷ്യമാംസം കഴിക്കുന്ന ആളുകളാണ് ഇവർ
- ഉപ്പിനെ ആരാധ്യവസ്തുവായി കണ്ടിരുന്നു.
- കാപ്പിരികളുടെ വിശ്വാസങ്ങലളെയും ആചാരങ്ങളെയും കുറിച്ച് പഠിക്കുക അത്ര എളുപ്പമല്ല.

## 8. സ്വാഹിലി ഭാഷ

- കെനിയ,ടങ്കാനിക്ക, ഉഗന്ത, സാൻസിബാർ,ബൽജിയൻ,കോംഗോവിന്റെ കിഴക്കേ അതിർത്തി എന്നിങ്ങനെ ആഫ്രിക്കയിൽ വലിയൊരു വിഭാഗം നാട്ടുകളിൽ സംസാരിക്കുന്ന ഭാഷയാണ് സ്വഹിലിഭാഷ.
- ന്യാസാലന്റിൽ അംഗികരിക്കപ്പെട്ട നാട്ടുഭാഷ ചിന്യാഞ്ചയാണ്.
- സ്വഹിലി ഭാഷയുടെ അർത്ഥം കടലോരഭാഷ എന്നാണ്.
- സാൻസിബാറിൽ നിന്നാണ് ഈ ഭാഷയുടെ ഉത്ഭവം.
- ആഫ്രിക്കയിൽ നൂറ്റാണ്ടുകളായി അടിമകളും ആനകൊമ്പുകളും കൊണ്ട് വ്യാപാരം നടത്തിയ അറബികൾ ഈ ഭാഷയ്ക്ക് ഗണ്യമായ സംഭാവന നൽകി. കൂടാതെ ബനിയക്കാരുടെ സമ്പർക്കംകൊണ്ട് ധാരാളം ഹിന്ദുസ്ഥാനി വാക്കുകളും സ്വഹിലിൽ കടന്നു വന്നിട്ടുണ്ട്.
- ഉദാഹരണങ്ങൾ , മ്ക്കുബ (വലിയ), മ്ടോണി (നദി), മ്സൂംകു( വെള്ളക്കാരൻ), മേശ (മേസ), ഗാരി( വണ്ടി), ദൂക്കാ ( പീടിക) തുടങ്ങിയവ.
- ഒരേ പദ പ്രയോഗങ്ങൾ ഉപയോഗിക്കുമ്പോൾ ഉണ്ടായ രസകരമായ പ്രശ്നങ്ങളെ പറ്റി പറയുന്നു.
- സ്വഹിലി ഭാഷയുടെ പ്രധാന്യത്തെയും അതിന്റെ അടയാളപ്പെടുത്തലുകളുമാണ് ഈ അധ്യായം.

## 9. ഇന്ത്യൻബ്വാന

- ആഫ്രിക്കയിലെ ഇന്ത്യക്കാരിൽ വ്യാപാരികളായ ഉത്തരേന്ത്യക്കാരെ കഴിച്ചാൽ പിന്നെ കാണുന്നത് ഗവൺമെന്റ് സർവീസിലുള്ള ക്ലർക്കുന്മാരെയും അദ്ധ്യാപകന്മാരെയും സ്വകാര്യവിദ്യാലയങ്ങളിൽ ജോലി എടുക്കുന്നവരെയാണ്.
- എന്നാൽ ഇവിടെ വെള്ളക്കാർക്കുമാത്രമേ പരിഗണന ലഭിക്കുന്നുള്ളു. ഗവൺമെന്റ് ജോലി നേടാൻ വലിയ വിദ്യഭ്യാസത്തിന്റെ ആവശ്യം ഇല്ല.
- ആഫ്രിക്കയിൽ എത്തപ്പെട്ട ധാരാളം ഇന്ത്യക്കാരുടെ അവസ്ഥകളെ പരാമർശിക്കുന്നു.

## *സഹായകഗ്രന്ഥങ്ങൾ*


1. ഗൂഗിൾ വിക്കിപീഡിക
2. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ — എരുമേലി
3. കാപ്പിരികളുടെ നാട്ടിൽ - എസ്. കെ പൊറ്റെക്കാട്ട്


……………………………………………………………………………………………

## മൊഡ്യൂൾ 4 കവിതകൾ

### 1. ബുദ്ധനും ഞാനും നരിയും : ഇടശ്ശേരി



**ഇടശ്ശേരി ഗോവിന്ദൻ നായർ(1906-1974)**

- 1906 ഡിസംബർ 23ന് കുറ്റിപ്പുറത്ത് ജനിച്ചു.
- ജീവിതാവബോധത്തിന്റെ മൗലിക ശബ്ദമായാണ് ഇടശ്ശേരി ഗോവിന്ദൻ നായർ മലയാള സാഹിത്യത്തിലേക്ക് കടന്നുവന്നത്.
- സാമൂഹിക ആശയതലങ്ങളും വിപ്ലവ ബോധം കൊണ്ട് ചടുലമാണ് ഇടശ്ശേരിയുടെ കവിതകൾ.
- ശക്തിയുടെ കവി എന്നും അറിയപ്പെടുന്നു.
- പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വക്കീൽ ജോലി നോക്കുകയും തുടർന്ന് ജോലി ഉപേക്ഷിക്കുകയും ചെയ്തു.
- പന്ത്രണ്ടാം വയസ്സിൽ കവിതകൾ എഴുതാൻ തുടങ്ങി എട്ടാം ക്ലാസ് മാത്രം വിദ്യാഭ്യാസം ഉണ്ടായിരുന്ന ഇടശ്ശേരി ഇംഗ്ലീഷിലും സംസ്കൃതത്തിലും സ്വന്തം പരിശ്രമത്തിലൂടെ അറിവ് നേടി.
- വള്ളത്തോൾ കവിതകളുടെ സ്വാധീനം ആദ്യകാല കവിതകളിൽ കാണാൻ സാധിക്കും. സ്വാതന്ത്ര്യ സമരകാലത്ത് ദേശീയവാദികൾക്ക് ഒപ്പം നിന്ന ഗാന്ധിഭക്തനായിരുന്നു.
- ഗുരുവായൂർ സത്യാഗ്രഹ കാലത്തും കിറ്റ് ഇന്ത്യ സമരകാലത്തും പൊന്നാനിയിൽ ഉയർന്ന ആവേശത്തിനു ഊർജ്ജലമായത് ഇടശ്ശേരിയായിരുന്നു.

- സ്വതന്ത്ര സമര സേനാനിയായിരുന്ന് ജയിൽവാസവും മർദ്ദനവുമേറ്റ് മരണമടഞ്ഞ കൃഷ്ണപ്പണിക്കരുടെ സ്മാരകമായി പൊന്നാനിയിൽ വായനശാല സ്ഥാപിച്ചത് ഇടശ്ശേരിയാണ്.
- ഈ വായനശാല കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങൾ ഇടശ്ശേരിയുടെ സാഹിത്യജീവിതം വികസിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയുണ്ടായി.
- ധാരാളം കൃതികൾ എഴുതുകയും ധാരാളം പുരസ്കാരങ്ങളും അദ്ദേഹത്തിന് കിട്ടിയിട്ടുണ്ട്.
- മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക സഹകരണ സംഘം ഡയറക്ടർ, കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, സമസ്ത കേരള സാഹിത്യ പരിഷത്ത്, എന്നീ സ്ഥാപനങ്ങളിൽ അംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.
- 1974 ന് അന്തരിച്ചു.
- പ്രധാനകൃതികൾ: കറുത്ത ചെട്ടിച്ചികൾ, പുത്തൻകലവും അരിവാളും, വിവാഹസമ്മാനം, ഒരുപിടി നെല്ലിക്ക, കാവിലെ പാട്ട്.
- പുരസ്കാരങ്ങൾ: 1970 -,കാവിലെ പാട്ട്( കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്), 1968 - ഒരുപിടി നെല്ലിക്ക ( കേരള സാഹിത്യ അക്കാദമി അവാർഡ്)

<u>പാഠസംഗ്രഹം</u>

- 1951 - ൽ ബുദ്ധനും ഞാനും നരിയും എന്ന കവിത ഇടശ്ശേരി രചിച്ചു.
- ആദർശങ്ങളെക്കുറിച്ചുള്ള ചർച്ചക്ക് വഴിവെക്കുന്ന കവിതയാണിത്.
- അഹിംസയുടെ പ്രതീകമായ ബുദ്ധന്റെ പ്രതിമ മറിച്ചിട്ടുകൊണ്ട് തന്നെ തിന്നാൻ വരുന്ന നരിയെ കൊല്ലാൻ ശ്രമിക്കുന്ന ആളെ നമ്മുക്ക് കവിതയിൽ കാണാൻ സാധിക്കുന്നു.
- ഗാന്ധിയൻ തത്ത്വചിന്തയിൽ ഇടശ്ശേരി എന്ന കവി അഹിംസ എപ്പോഴും മനുഷ്യന് പ്രയോഗികമല്ല എന്ന് കവിതയിലൂടെ തെളിയിക്കുന്നു.
- ജീവന് ഭീക്ഷണി ഉയരുമ്പോൾ അവിടെ അഹിംസ അത്ര പ്രോയോഗികമല്ല എന്നാണ് കവിതയിൽ തെളിയിക്കുന്നത്.
- പഴയകഥയുടെ പരാമർശം കവിതയിൽ കടന്നുവരുന്നുണ്ട്. അതോടൊപ്പം ആധുനികതയുടെ ജീവിത സാഹചര്യങ്ങളും കടന്നു വരുന്നു.
- സെൻബുദ്ധിസ്റ്റ് കഥകളുടെ ഓർമ്മ സൃഷ്ടിച്ചുകൊണ്ട് ബൌദ്ധപാരമ്പര്യത്തെ തന്നെ അപനിർമ്മിക്കാൻ കവിത ഒരുങ്ങുന്നു.

## *സഹായകഗ്രന്ഥങ്ങൾ*


1. ഗൂഗിൾ വിക്കിപീഡിക
2. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ — എരുമേലി
3. കവിതാപഠനങ്ങൾ, ഡോ.പി തിലക്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012
4. ഇടശ്ശേരി സമ്പൂർണ്ണകൃതികൾ - ഇടശ്ശേരി
5. ബുദ്ധനും ഞാനും നരിയും — ഇടശ്ശേരി


..............................................................................

## 2.കൊല്ലേണ്ടതെങ്ങനെ : സുഗതകുമാരി



- മലയാളത്തിലെ പ്രശസ്ത കവയിത്രിയും കേരളത്തിന്റെ പ്രശ്നങ്ങളിൽ ശ്രദ്ധാലുവായ സാമൂഹിക, പരിസ്ഥിതി പ്രവർത്തകയുമായിരുന്നു **സുഗതകുമാരി.**
- സ്വാതന്ത്ര്യസമര സേനാനിയും കവിയുമായിരുന്ന ബോധേശ്വരന്റെയും സംസ്കൃത പണ്ഡിതയായ വി.കെ കാർത്ത്യായനിയമ്മയുടെയും മകളാണ്. കേരള സംസ്ഥാന വനിതാ കമ്മീഷന്റെ ആദ്യ ചെയർപേഴ്സണായിരുന്നു.
- പ്രകൃതി സംരക്ഷണ സമിതിയുടെയും, അഗതികളായ വനിതകൾക്കും മാനസിക വൈകല്യമുള്ളവർക്കും ഡേ കെയർ സെന്ററായി പ്രവർത്തിക്കുന്ന അഭയ എന്ന സ്ഥാപനത്തിന്റെയും സ്ഥാപക സെക്രട്ടറിയായിരുന്നു.]
- 1934 ജനുവരി 22 പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ വാഴുവേലിൽ തറവാട്ടിൽ ]ജനിച്ചു പിതാവ്:സ്വാതന്ത്ര്യസമരസേനാനിയുംകവിയുമായിരുന്ന ബോധേശ്വരൻ (കേശവപിള്ള), മാതാവ്: വി.കെ. കാർത്യായനി അമ്മ. പരേതരായ ഹൃദയകുമാരിയും സുജാതാദേവിയുമാണ് സഹോദരിമാർ.
- തത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടിയിട്ടുണ്ട്. സൈലന്റ് വാലി പ്രക്ഷോഭത്തിൽ സുഗതകുമാരി വലിയ പങ്കുവഹിച്ചു. അഭയഗ്രാമം, അഗതികളായ സ്ത്രീകൾക്കുവേണ്ടി അത്താണി എന്ന ഭവനം, മാനസിക രോഗികൾക്കുവേണ്ടി പരിചരണാലയം എന്നിങ്ങനെ കേരളത്തിന്റെ സാമൂഹിക രംഗത്ത് സുഗതകുമാരിയുടെ സംഭാവനകൾ പലതാണ്.
- സംസ്ഥാന വനിതാ കമ്മീഷന്റെ അദ്ധ്യക്ഷ ആയിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സുഗതകുമാരി അശ്രാന്തം പരിശ്രമിച്ചിരുന്നു. സാഹിത്യത്തിലെ

സമഗ്ര സംഭാവനകൾക്ക് നൽകുന്ന എഴുത്തച്ഛൻ പുരസ്കാരത്തിന് 2009-ൽ അർഹയായിട്ടുണ്ട്

- തിരുവനന്തപുരം ജവഹർ ബാലഭവന്റെ പ്രിൻസിപ്പലായിരുന്നു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന തളിര് എന്ന മാസികയുടെ ചീഫ് എഡിറ്ററായിരുന്നു.
- പ്രകൃതിസംരക്ഷണ സമിതിയുടെയും അഭയയുടെയും സ്ഥാപക സെക്രട്ടറി. സാമൂഹിക സേവനത്തിനുള്ള ലക്ഷ്മി അവാർഡ് ലഭിച്ചിട്ടുണ്ട്
- അദ്ധ്യാപികയും വിദ്യാഭ്യാസവിദഗ്ദ്ധയുമായ ഹൃദയകുമാരി സഹോദരിയാണ്. സൈലന്റ് വാലി അഥവാ നിശ്ശബ്ദ വനം എന്ന കവിത സുഗതകുമാരിയുടെ പ്രകൃതിയോടുള്ള ആത്മബന്ധത്തിന്റെ അടയാളമാണ്. ഇതിൽ സൈലന്റ് വാലി നഷ്ടപ്പെടുമോ എന്ന കവയിത്രിയുടെ ആശങ്കയാണ് പങ്കുവെക്കുന്നത്. 2020 ഡിസംബർ 23 ന് അന്തരിച്ചു.

**പ്രാധാനകൃതികൾ**

- മുത്തുച്ചിപ്പി (1961), പാതിരാപ്പൂക്കൾ (1967) (കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി), പാവം മാനവഹൃദയം (1968), പ്രണാമം (1969), ഇരുൾ ചിറകുകൾ (1969),രാത്രിമഴ (1977) (കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ്),അമ്പലമണി (1981) (ആശാൻ പ്രൈസ്, വയലാർ അവാർഡ്, ഓടക്കുഴൽ പുരസ്കാരം), കുറിഞ്ഞിപ്പൂക്കൾ (1987) (ആശാൻ സ്മാരക സമിതി (മദ്രാസ്) അവാർഡ്), തുലാവർഷപ്പച്ച (1990) (വിശ്വദീപം അവാർഡ്),രാധയെവിടെ (1995) (അബുദാബി മലയാളി സമാജം അവാർഡ്),കൃഷ്ണകവിതകൾ (ജന്മാഷ്ടമി പുരസ്കാരം, എഴുകോൺ ശിവശങ്കരൻ സാഹിത്യ അവാർഡ്),മേഘം വന്നു തൊട്ടപ്പോൾ ( ലേഖനങ്ങൾ ),ദേവദാസി, കാവ് തീണ്ടല്ലേ ( ലേഖനങ്ങൾ ),വാരിയെല്ല് ( ലേഖനങ്ങൾ,സഹ്യഹൃദയം, പെൺകുഞ്ഞ്-90

<u>പാഠസംഗ്രഹം</u>

- കവിതകളിലധികവും വിഷാദം കലർന്ന മട്ടിലുള്ളവയാണ്. അത്തരത്തിലുള്ളൊരു കവിതയാണ് കൊല്ലേണ്ടതെങ്ങനെ എന്ന കവിത.


- ദേവദാസി എന്ന കവിതാസമാഹാരത്തിൽ നിന്നുള്ള കവിതയാണ് കൊല്ലേണ്ടതെങ്ങനെ എന്ന കവിത.
- മാതൃത്വം കവിയുടെ എഴുത്തിലെ പ്രത്യേകതകളിലൊന്നാണ്. അത് ഈ കവിതയിലും കടന്നു വരുന്നു.
- 37 വയസായ ബുദ്ധിമാദ്ധ്യം സംഭവിച്ച കുട്ടിയെ അമ്മ സംരംക്ഷിക്കുകയാണ്. പക്ഷെ ഇനി അതിനുള്ള ശേഷി തനിക്കില്ല. പ്രായമായി ശരീരത്തിന് തളർച്ച വന്നു. ഇനിയുള്ള കാലം ആര് തന്റെ മകളെ നോക്കും എന്ന വേവലാതിയാണ് കവിതയിൽ പങ്കുവെക്കുന്നത്.
- കവിതയുടെ തുടക്കം തന്നെ എങ്ങനെയാണ് ആ ചിരിച്ച ആ മുഖത്തേക്ക് നോക്കി കൊല്ലേണ്ടത്. ഒന്നുമറിയാത്ത ഭാവത്തിലാണ് കുട്ടിയിരിക്കുന്നത്. ഇപ്പഴും ബുദ്ധിവികാസമില്ലാതെ മുപ്പത്തേഴുവയസ്സായ കുട്ടിയെ നോക്കുകയാണ് അമ്മ.
- കുഞ്ഞിന്റെ ജനനസമയത്തു തന്നെ അച്ഛൻ ഇവരെ ഉപേക്ഷിച്ചു പോയി. വളരെ കഷ്ടപ്പാടിലും അമ്മ മകളെ കൈവിടാതെ നോക്കി. പക്ഷെ പ്രായവും, രോഗങ്ങളും ഇപ്പോൾ അമ്മയെ വളരെയധികം ക്ഷീണിതയാക്കുന്നു.
- പ്രായപൂർത്തിയായ മകളെ കുറിച്ച് പിന്നെയും ആവലാതികൾ കവി പങ്കുവെക്കുന്നു. ആരെങ്കിലും തന്റെ മകളെ ഉപദ്രവിക്കാൻ വരുമോ എന്നുള്ള ഭയവും, ഒരിക്കൽ നീ എന്നെ അമ്മേ എന്നു വിളിക്കുമോ എന്ന അമ്മയുടെ ആശകളും സങ്കീർണമായ സ്ത്രീ ജീവിതത്തിന്റെ പ്രശ്നങ്ങളുമാണ് കവിതയിൽ അവതരിപ്പിക്കുന്നത്.
- ആത്മസമർപ്പണത്തിലൂന്നിയ ജീവിതമാണ് അമ്മയുടേത്.
- അമ്മ ജീവിച്ചിരിക്കുമ്പോൾ തന്നെ അവൾക്ക് വേണ്ട പരിഗണന ആരും തന്നെ നൽകുന്നില്ല. അതുകൊണ്ടു തന്നെ തന്നോടൊപ്പം അവളും മരിക്കണം. പക്ഷെ എങ്ങനെയാണ് കൊല്ലേണ്ടത് എന്ന ചോദ്യത്തിനാണ് ഇവിടെ പ്രസക്തി. അത് സമൂഹത്തിന്റേതുകൂടിയുള്ള ഉത്തരവാദിത്തമാണ് എന്ന നിലയിലാണ് ഇവിടെ കവിത സംസാരിക്കുന്നത്.

***<u>സഹായകഗ്രന്ഥങ്ങൾ</u>***


1. ഗൂഗിൾ വിക്കിപീഡിക
2. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി
3. കവിതാപഠനങ്ങൾ, ഡോ.പി തിലക്
4. സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം – സുഗതകുമാരി


..............................................................................................................

## 2. മീരപാട്ടുന്നു : സച്ചിദാനന്ദൻ



സച്ചിദാനന്ദൻ

- 1946 മെയ് 25 കൊടുങ്ങല്ലൂർ ജനിച്ചു. ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്നു.
- കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്നു.
- ആധുനികതയുടെ അസ്വസ്ഥവാദത്തിനെയും വക്താവായ രംഗത്ത് കടന്നുവന്നു. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ആദരിച്ച അദ്ദേഹം പിന്നീട് അതിന്റെ വിമർശകനായിട്ട് മാറി.
- 25 വർഷത്തെ കോളേജ് അധ്യാപനത്തിന് ശേഷം ഇന്ത്യൻ ലിറ്ററേച്ചറിന്റെ വത്രാധിപരം ഉടർന്ന് സാഹിത്യ അക്കാദമി സെക്രട്ടറിയുമായി.
- **പ്രധാന കൃതികൾ** : അഞ്ചു സൂര്യൻ, എഴുത്തച്ഛൻ എഴുതുമ്പോൾ, പീഡനകാലം വേനൽമഴ, ഇവനെ കൂടി
- നല്ലൊരു വിവർത്തകൻ കൂടിയായിരുന്നു
- 2018 എഴുത്തച്ഛൻ പുരസ്കാരം നൽകി ആദരിച്ചു. ദേശാടനം എന്ന കവിത സമാഹാരത്തിൽ നിന്ന് എടുത്തുള്ള കവിതയാണ് മീര പാടുന്നു എന്നത്.

## പാഠസംഗ്രഹം


- തിരസ്കാരമാണ് കവിതയുടെ വിഷയം.
- ഭക്ത മീര രാജസ്ഥാനിൽ ജനിച്ചതാണ്. കൃഷ്ണഭക്തിയും സമ്പന്നത ഒട്ടും ഇഷ്ടമല്ലാത്ത ഒരു ആളായിരുന്നു മീര.
- ഇന്ത്യൻ വർത്തമാനങ്ങൾക്ക് സ്ഥിതിചെയ്യുന്ന സ്ഥിതിവിശേഷങ്ങളെയും, ചില ആദർശങ്ങളെ മുൻനിർത്തി കൊണ്ടാണ്കവിത മുന്നോട്ട് സഞ്ചരിക്കുന്നത്.
- കവിത തുടങ്ങുന്നത് രാജാവിനോട് മീര പറയുന്ന സ്വതന്ത്ര്യത്തിന്റെ കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ്.
- എനിക്ക് വിലകെട്ട പൊന്നും പവിഴവും ഒന്നും വേണ്ട എന്നെ ഈ കൂടിലിൽ നിന്ന് ഈ കൂട്ടിൽ നിന്ന് എന്നെ വിട്ട് അയക്കു.
- എനിക്ക് കൊട്ടാരം ഭാരമാണ്. ഞാൻ എന്റെ സന്തോഷങ്ങൾ പാട്ടിലും കവിതയിലും മുഴുകി ജീവിക്കാൻ ആഗ്രഹിക്കുന്നു.  എനിക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു തരൂ ആ പഴയകാലം തനിക്ക് തിരിച്ചു വേണമെന്ന് കവി പറയുന്നു.
- മതിമറന്ന് നൃത്തം ചെയ്യാനും അലങ്കാരമായി അണിയിച്ച മാലകൾ എനിക്ക് കൊലകയറായും മാറുന്നു.
- അന്തപുരത്തിലെ ഇരുട്ടുകൾ ഒട്ടും എനിക്ക് വേണ്ട എനിക്ക് വെളിച്ചം മാത്രം മതി. ലളിതമായ ഉടുപ്പ് മാത്രം മതി ഗ്രാമത്തിന്റെ വിശുദ്ധി ഇതിലേക്ക് എനിക്ക് കടന്നു പോകണം.
- കുട്ടിക്കാലത്തെ കുറിച്ചുള്ള ഓർമ്മകളും ഇവിടെ പങ്കുവയ്ക്കുന്നുണ്ട്. ബാല്യകാലത്തിൽ അനുവദിച്ച ഗൃഹാതുരമായിട്ടുള്ള കുറെ ഓർമ്മകൾ കവിതയിൽ പങ്കുവയ്ക്കുന്നു.
- അവൾ ആഗ്രഹിക്കുന്ന സ്വാതന്ത്ര്യം അവളെ ഉള്ളിൽ കെട്ടി കിടപ്പാണ്. എനിക്ക് ആവശ്യം സ്വാതന്ത്ര്യമാണ് ഞാൻ സ്വാതന്ത്ര്യത്തിലേക്ക് തിരിച്ചു നടക്കുകയാണ്.
- അവൾ ആഗ്രഹിക്കുന്നത് സ്വതന്ത്രത്തിൽ നിന്നുമുള്ള  മോചനമാണ്. കവിതയും പറഞ്ഞുവെക്കുന്നത് അതുതന്നെയാണ് സ്വാതന്ത്ര്യം എന്നുള്ള ആശയമാണ് കവിതയയിലെ വിഷയം.
- തികച്ചും രാഷ്ട്രീയ ബോധത്തോടുള്ള കവിതയാണ് മീര പാടുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. ഗൂഗിൾ വിക്കിപീഡിക
2. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി
3. കവിതാപഠനങ്ങൾ, ഡോ.പി തിലക്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012
4. സച്ചിദാനന്ദന്റെ കവിതകൾ 1965 – 2015, സച്ചിദാനന്ദൻ


……………………………………………………………………………………………………

# 3. പലപോസിലുള്ള ഫോട്ടോകൾ : കെ. ജി. എസ്.



കെജിഎസ് (കെ ജി ശങ്കരപ്പിള്ള)

- 1948 ചവറയിൽ ജനിച്ചു. ദീർഘകാലം വിവിധ കോളേജിൽ അധ്യാപകനായി സേവന അനുഷ്ഠിച്ചു. നിലവിലിരിക്കുന്ന ചൂഷണ വ്യവസ്ഥിതി കത്തിച്ചുകളയണമെന്ന് കലാപചിന്തയുടെ തീ കാറ്റായിട്ടാണ് കവി വന്നിട്ടുള്ളത്.
- ആധുനികത കപടനാട്യമാകരുത്. സ്വയം പ്രേരിത വിപ്ലവ ബോധത്തിന്റെ ഭൗതിക സാന്നിധ്യം കൊണ്ട് ശക്തി നേടേണ്ട മാനസിക ഭാവമാണത്. ഇത്തരമൊരു മനസ്സിന്റെ കാവ്യകളാണ് അദ്ദേഹത്തിന്റെ കവിതകൾ.
- ഗദ്യത്തെ കാവ്യഭാഷ ആക്കാനുള്ള ശൈലി വൈഭവമാണ് അദ്ദേഹത്തിന് ഉള്ളത്. കെജി ശങ്കരപ്പിള്ളയുടെ കവിതകൾക്ക് കേരള സാഹിത്യ പുരസ്കാരവും കേന്ദ്ര സാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്.
- പ്രധാന കവിതാ സമാഹാരം കൊച്ചിയിലെ വൃക്ഷങ്ങൾ, ബംഗാൾ.

പാഠസംഗ്രഹം

- ഗദ്യത്തെ മൂർച്ചയുള്ള ആയുധമാക്കി മാറ്റുകയാണ് കവി.
- പല പോസിലുള്ള ഫോട്ടോകൾ എന്ന കവിത ഭാഗത്ത് പുതിയൊരു ദൃശ്യവിതാനം ഒരുക്കുയാണ് കവിതയിലൂടെ.

- അൽപത്തരങ്ങൾക്കെതിരായുള്ള അക്ഷേപഹാസ്യമാണ് കവിത.
- മനുഷ്യന്റെ അസ്ഥിത്വത്തെ സംബന്ധിച്ചുള്ള വ്യാകുലതകളാണ് കവിത.
- ഉള്ളിലുള്ള കള്ളത്തരത്തിന്റെ പൊള്ളയായ മുഖങ്ങളെ കവിതയിൽ എടുത്തുകാണിക്കുന്നു.
- നമ്മളെ കീഴ്പ്പെടുത്തുന്ന ക്യാമറയും, അതിനു മുന്നിൽ നിന്ന് ചിരിക്കുകയും, അതിലുള്ള നോട്ടവും , ഫോട്ടോ എടുത്ത് അത് പ്രദർശിപ്പിക്കുന്നതും, തുടങ്ങി വിവിധ കാര്യങ്ങളെ ഇവിടെ പ്രശ്ന് വൽകരിക്കുകയും ചെയ്യുന്നു.

***<u>സഹായകഗ്രന്ഥങ്ങൾ</u>***


1. ഗൂഗിൾ വിക്കിപീഡിക
2. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി
3. കവിതാപഠനങ്ങൾ, ഡോ.പി തിലക്
4. പലപോസിലുള്ള ഫോട്ടോകൾ - കെ. ജി. എസ്


.....................................................................................